<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791</u> <u>17-09-2025 - ൽ മറുപടിയ്ക്ക്</u>

<u>വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കുള്ള ആശ്വാസ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ തരം വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാത്തതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നടപടി നേരിടുന്നവർക്ക് ആശ്വാസമായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും ബാങ്കുകളിലെയും വായ്പാകുടിശ്ശിക കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇക്കൊല്ലം ജനുവരി മാസം 2-ാം തീയതി മുതൽ 2025 ഏപ്രിൽ മാസം 30-ാം തീയതി വരെ ഈ പദ്ധതി നടപ്പിലാക്കിയിരുന്നു.<br><br>സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടവിൽ മുടക്കം വരുത്തിയവരുടെ കുടിശ്ശിക ഇളവുകളോടെ അടച്ച് തീർക്കാൻ ടി പദ്ധതി പ്രകാരം സാധിക്കുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകുന്നു. ഇതുവഴി സഹകരണ സംഘം/സഹകരണ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കുടിശ്ശികയായ വായ്പാക്കാർക്ക് ആശ്വാസമേകുന്നതിനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ